

കറുകുറ്റി സെയ്ന്റ് ജോസഫ്സ് വിദ്യാലയത്തിൽ നടന്ന 'തിരികെ സ്കൂളിലേക്ക്' പരിപാടിയിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 'റേഡിയോശ്രീ' മൊബൈൽ ആപ്പ് മൊബൈൽഫോണുകളിൽ ഇൻസ്റ്റാൾ ചെയ്യാൻ സഹായിക്കുന്നു

# അമ്മമാർക്ക് അറിവ് പകർന്ന് ലിറ്റിൽ കൈറ്റ്സ്

**അങ്കമാലി ▸** കറുകുറ്റി പഞ്ചായത്തിന്റെ നേതൃത്വത്തിൽ അയൽക്കൂട്ട ശാക്തീകരണ കാമ്പയിൻ 'തിരികെ സ്കൂളിലേക്ക്' കറുകുറ്റി സെയ്ന്റ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽ നടന്നു. സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും പരിപാടിയുടെ ഭാഗമായി.

ഡിജിറ്റൽ കാലം എന്ന ക്ലാസിൽ 'റേഡിയോശ്രീ' മൊബൈൽ ആപ്പ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പരിചയപ്പെടുത്തി, അമ്മമാരുടെ മൊബൈൽ ഫോണുകളിൽ ഇൻസ്റ്റാൾ ചെയ്യാൻ സഹായിച്ചു.

ലഘുലേഖകൾ വിതരണം ചെയ്ത് സർക്കാർ ഓൺലൈൻ സർവീസ് പോർട്ടലുകളെക്കുറിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ബോധവത്കരണ ക്ലാസെടുത്തു. പൊതുസമൂഹത്തിനു വേണ്ടി സർക്കാർ ഓൺലൈൻ സർവീസ് ഹെൽപ്പ് ഡെസ്ക് സ്കൂളിൽ ആരംഭിച്ചു. സൈബർ സുരക്ഷ, ഇന്റർനെറ്റ്, മൊബൈൽഫോൺ ഉപയോഗങ്ങളിൽ ഒളിച്ചിരിക്കുന്ന ചതിക്കുഴികൾ എന്നീ വിഷയങ്ങളിൽ ക്ലാസെടുത്തു. കറുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് ലതിക ശശികുമാർ കാമ്പയിൻ ഉദ്ഘാടനം ചെയ്തു. ലിൻസി ആൻലി, ജെൻസി സേവ്യർ, സുമ തങ്കപ്പൻ എന്നിവർ ക്ലാസെടുത്തു. സുധ ജോൺ, കെ.പി. നിർമല എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.